കണ്ണൂർ ജില്ലാ പഞ്ചായത്ത്

മുകുളം SSLC മാതൃക പരീക്ഷ 2015

മലയാളം - കേരള പാഠാവലി

Time : 1.30hrs score:40

---

നിർദ്ദേശങ്ങൾ

*ആദ്യ 15 മിനുട്ട് സമാശ്വാസ സമയമാണ് .ഇത് ചോദ്യങ്ങൾ വ്യക്തമായി വായിച്ച് മനസിലാക്കാൻ ഉപയോഗപ്പെടുത്താം

*സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതാൻ പാടുള്ളതല്ല

*എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം

*ഓരോ ചോദ്യങ്ങൾക്കു ഉള്ള സ്കോർ അതാതിന് നേരെ നൽകിയിട്ടുണ്ട്

---

1. താഴെ കൊടുത്തിട്ടുള്ള ലഘു വാക്യങ്ങളെ ഒറ്റവാക്യമായി ചേർത്തെഴുതുക.

   a. "ഇത് ഞാനാണോ മോളേ?"

   b .അയാൾ ആശങ്കയോടെ ചോദിച്ചു

   (1)

2. "ചിത്രങ്ങൾ കാണേണ്ടവർ ഗ്യാലറിയിൽ പോയികാണും .നമ്മൾ അതിനുവേണ്ടി വിലപിടിച്ച സ്പേയ്സ് നഷ്ടപ്പെടുത്തേണ്ടതില്ല"

   ഈ പ്രതികരണത്തിൽനിന്ന് സ്പഷ്ടമാവുന്ന കഥപാത്രത്തിന്റെ മനോഭാവം.

   a.ചിത്ര കലയോടുള്ള സ്നേഹം.

   b.പരിഹാസം.

   c.കച്ചവട താത്പര്യം (1)

   d.ശാസ്ത്രീയ മനോഭാവം

3. മാതൃക പോലെ വിഗ്രഹിച്ചെഴുതുക

   ഉൽക്കടക്ഷോഭം -ഉൽക്കടമായ ക്ഷോഭം

   ദിവ്യോപകരണം- (2)

4. താഴെ കൊടുത്തിരിക്കുന്ന വരികളിലെ പ്രയോഗപരമായ സവിശേഷതകൾ കണ്ടെത്തുക

   ജഗൽ പതിയും രതിപതിയും

   തവ കൊതിയുള്ളൊരു പതി വരുമേ...! (2)

5. കിണറ് അടിവരെ താഴ്ന്നതോടെ ഉപ്പുപ്പാന്റെ മടിശ്ശീലയുടെ നെല്ലിപ്പലകയും കണ്ടു

   ഈ വാക്യത്തിന്റെ പൊരുൾ കണ്ടെത്തി എഴുതുക (2)

6. നഗ്ന പാദത്തിൽ കാണും പാടുകളെൻ നേട്ടങ്ങൾ
ശ്വാശതാരോഗ്യം <u>തരുമുപ്പനീരുറവകൾ</u>
അടിവരയിട്ട പ്രയോഗം നൽകുന്ന അർത്ഥതലമെന്ത് (2)

7.'ഏയ് ,എന്താത്ര ധൃതി', ന്ന് നിരീയ്ക്കും .അതിന് കാരണണ്ട്.താമസിച്ചാൽ ആളെ മാറ്റ്യാലോ,അങ്ങനെ വന്നാൽ കതിരപ്പുറം കന്താവും'

'ചോറിന്റെ നേരെയാണ് അക്രമണം .കയ്യേറ്റക്കാർക്കാണല്ലോ ഇന്ന് സ്ഥാനം.കയ്യേറി കയ്യേറി എന്തായീന്നല്ലെ ,ചോറിന്റെ സ്ഥാനം മുഴുവൻ മുരിഞ്ഞപ്പേരി പിടിച്ചെടു<u>ത്ത്</u>'

-സൂചനകൾ പരിഗണിച്ച് വിദൂഷകൻ നട<u>ത്തു</u>ന്ന സാമൂഹിക വിമർശനത്തെക്കുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക. (4)

8.'സക്കറിയ എന്ന മനുഷ്യപ്രാണിയുടെ ഹൃദയത്തെയും തലച്ചോറിനെയും അടയ്ക്കുകയും <u>തു</u>റക്കുകയും ചെയ്യുന്ന നിരവധി താക്കോലുകൾ ഈ ലോകത്തിലെ മണ്ണിലും പാഴിലക ളിലുമാണ് പൂഴ്ന്ന് കിടക്കുന്നത്'

-ഉരുളികുന്നത്തിന്റെ ലുത്തിനിയ ,സക്കറിയ

പ്രകൃതിയിലെ കൊച്ചു കൊച്ചു വിസ്മയങ്ങളിൽ ജീവിതാനന്ദം കണ്ടെ<u>ത്തു</u>ന്ന അട<u>ത്തു</u>ൺ എന്ന കവിതയിലെ കവിയുടെ നിരീക്ഷണങ്ങളുമായി സക്കറിയയുടെ അനുഭവങ്ങൾക്ക് ബന്ധമുണ്ടോ?താരതമ്യം ചെയ്ത് കുറപ്പ് തയ്യാറാക്കുക (4)

9.എത്ര യോ ശതാബ്ദങ്ങളായി രാമന്റെ കർമത്തെ നൂറ് ശതമാനവും സാധൂകരിച്ച സീതയെ ഒട്ടൊക്കെ രാമ നീതിയെ വിമർശിക്കുന്ന സീതയായി മാറ്റുവാൻ ആശാൻ ധൈര്യപ്പെട്ടു

-സാഹിത്യത്തിലെ സ്ത്രീ ,ജോസഫ് മുണ്ടശ്ശേരി

"പ്രിയരാഘവ! വന്ദനം ഭവാ-
<u>ന്നയരുന്നു ഭുജശാഖ വിട്ടു ഞാൻ</u>
ഭയമറ്റു പറന്നു പോയിടാം
<u>സ്വയമദ്ധ്യോവിലൊരാശ്രയം വിന</u>

അടിവരയിട്ട പ്രയോഗങ്ങളുമായി ബന്ധപ്പെടുത്തി മുണ്ടശ്ശേരിയുടെ നിരീക്ഷണങ്ങളെ താരതമ്യം ചെയ്ത് ലഘു ഉപന്യാസം തയ്യാറാക്കുക (6)

10.പടിപ്പുരയിൽ ഇറയത്ത് വച്ച ഓലക്കുടയെടുത്ത്. ഗുരുവിനെ സ്മരിച്ച്, ഗുരുനാഥന്മാരെ സ്മരിച്ച് പടിക്കെട്ടിറങ്ങി .പനമ്പാട്ടെ പടിപ്പുരയിൽ ചെന്ന് ഉണ്ണീരി കമ്മളുട്ടിയെ തുണ കൂട്ടി. എന്റെ അമ്മ ,പെറ്റോരമ്മ എന്നെ കാത്തിരിക്കുന്നു. എന്റെ അച്ഛൻ പൊന്നാരച്ഛൻ കാ<u>ത്തു</u> നിൽപുണ്ടാവും .എന്റെ പെങ്ങൾ കുഞ്ഞിപ്പെങ്ങൾ എരിതിരിമിഴിയോടെ വഴി പാർക്കുന്നുണ്ടാവും

കഥാസന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി ഉണ്ണീരിക്കുട്ടി എന്ന കഥാപാത്രത്തെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക . (4)

11."എന്നിട്ടും അർജ്ജുനന് ആ ഗാണ്ഡീവത്തിലും ആ ആവനാഴിയിലുമുള്ള മമതാഭിമാനം- അവ തനിക്കുണ്ടെന്ന ഊറ്റം -ഉപേക്ഷിപ്പാൻ സാധിച്ചില്ലെന്നതാണ് ഈ വിഷാദകഥയുടെ അങ്ങേയറ്റം."

(അർജ്ജുന വിഷാദയോഗം-കുട്ടികൃഷ്ണ മാരാർ )

ആധുനിക കാലത്തെ യുദ്ധങ്ങളുടെയും സാമൂഹ്യ സംഘർഷങ്ങളുടെയും പശ്ചാത്തലത്തിൽ ഇതിഹാസ കഥയുടെ പ്രസക്തി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക . (6)

12.ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക .

ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം

ഒരു പുഞ്ചിരി ഞാൻ മറ്റു-
ള്ളവർക്കായ് ചെലവാക്കവേ
ഹൃദയത്തിലുലാവുന്ന
നിത്യനിർമ്മല പൗർണ്ണമി

അറിഞ്ഞീലിത്ര നാളും ഞാ-
നിദ്ദിവ്യ പുളകോൽഗമം
ആ മഹാനഷ്ടമോർത്തോർത്തു
കലുങ്ങിക്കരയുന്നു ഞാൻ

ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം-

അക്കിത്തം (6)